(ബി) ആകെ അഞ്ച് സെന്റോ അതിൽ താഴെയോ മാത്രം ഭൂമി കൈവശമുള്ളവരും സർക്കാർ ഭൂമിയിൽ കുടിതാമസം നടത്തുന്നവരുമായ ആളുകൾക്ക് അവരുടെ കുടുംബത്തിന് വേറെ ഭൂമി ഇല്ലെങ്കിൽ, വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയല്ലാത്തപക്ഷം സെന്റിന് 100 രൂപ നിരക്കിൽ പതിച്ചു നൽകാൻ 29-10-2004-ലെ ജി.ഒ. (എം എസ്.) 326/04/റവന്യൂപ്രകാരം ഉത്തരവായിട്ടുണ്ട്. ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് ഈ സൗജന്യ നിരക്ക് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം നിശ്ചയിച്ചിരിക്കുന്ന വില നാമമാത്രമായ വിലയാണ്. വളരെ വർഷങ്ങളായി കൈവശംവച്ചിരിക്കുന്നു എന്നതുകൊണ്ടു മാത്രം ഉപാധികളൊന്നുമില്ലാതെ പതിച്ചുനൽകാൻ സാധിക്കുകയില്ല. ഭൂമി പതിവിന് നിലവിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്.

വിജിലൻസ് ഏറ്റെടുത്തിട്ടുള്ള കേസുകൾ

66 [166] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*
,, *ടി. എം. ജേക്കബ്:*
,, *റഷീദു മോഹമ്മദ്:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസുകളുടെയും കുറ്റപത്രങ്ങളുടെയും അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ അഴിമതിയുള്ളത് റവന്യൂ വകുപ്പിലാണെന്ന വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2001 മുതൽ ഇതുവരെ എത്ര കേസുകളാണ് വിജിലൻസ് ഏറ്റെടുത്തിട്ടുള്ളത്;

(സി) വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിൽ അനധികൃതമായി ഭൂമി പതിച്ചുകൊടുത്ത എത്ര കേസുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) - (ഡി) വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിൽ നടക്കുന്ന അഴിമതി

67 [167] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് റവന്യൂ വകുപ്പിലാണെന്ന വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തലുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത അഭിപ്രായത്തോട് സർക്കാർ യോജിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ റവന്യൂ വകുപ്പിൽ നടക്കുന്ന അഴിമതിയും ക്രമക്കേടും അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി കർമ്മപദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തൽ അപകമാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഏറ്റവും കൂടുതൽ കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളത് ഈ ഡിപ്പാർട്ട്മെന്റിൽനിന്നാണെന്നാണ് അദ്ദേഹത്തിന്റെ വെളിപ്പെടുത്തലിന്റെ സാരാംശം.

(ബി) ചോദ്യത്തോട് യോജിക്കുന്നില്ല.

(സി) & (ഡി) ഉദിക്കുന്നില്ല.

കാലവർഷക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലുണ്ടായ നാശനഷ്ടം

68 [168] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മേയ് മാസത്തെ കാലവർഷക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) തലപ്പിള്ളി താലൂക്കിലെ നാശനഷ്ടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യാൻ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) .. (സി) വിവരം ശേഖരിച്ചുവരുന്നു.

പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരത്തുക

69 [169] *ഡോ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക എന്നാണ് പുതുക്കി നിശ്ചയിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly